പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 918 — 30-06-2011-ലെ മറുപടിക്ക്

# പാലക്കാട് ജില്ലയിലെ മംഗലം - ഗോവിന്ദാപുരം റോഡ് പണി പൂർത്തിയാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമരത്ത് വകുപ്പുമന്ത്രി) |
| (എ) പാലക്കാട് ജില്ലയിലെ മംഗലം - ഗോവിന്ദപുരം റോഡ് പണി പൂർത്തിയാക്കുന്നതിനു മുമ്പ് തന്നെ, പണി കഴിഞ്ഞ ഭാഗങ്ങളിൽ ടാറിംഗ് അടർന്നുപോയും കുഴികൾ രൂപപ്പെട്ടും തകർന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) ഉണ്ട്. മംഗലം ഗോവിന്ദപുരം റോഡ്, പൊതുമരാമത്ത് വകുപ്പ് 20.എം.എം. ചിപ്പിങ്ങ് കാർപെറ്റ് ചെയ്ത്, ദേശീയപാതാ വിഭാഗം ഏറ്റെടുത്ത് ബി.എം. വർക്ക് ചെയ്ത റോഡാണ്. ഈ റോഡിന്റെ പലഭാഗങ്ങളും ചതുപ്പ് പ്രദേശങ്ങളാണ്. 60 ടണ്ണിൽ കൂടുതൽ ഭാരമുള്ള വണ്ടികളാണ് ഈ റോഡിൽ കൂടി കടന്നു പോകുന്നത്. പ്രസ്തുത വാഹനങ്ങൾ കടന്നു പോകുമ്പോൾ ചതുപ്പ് പ്രദേശങ്ങളിലെ റോഡിൽ കുലുക്കമുണ്ടാകുകയും ഇക്കാരണത്താൽ ടാറിങ്ങിൽ മൂന്ന് ഭാഗങ്ങളിൽ ഉദ്ദേശം 2 മീറ്റർ നീളത്തിലും ഒരുമീറ്റർ വീതിയിലും ടാറിങ്ങ് നിരങ്ങിപ്പോയിട്ടുണ്ട്. ഇതിൽ രണ്ട് ഭാഗങ്ങളിൽ കേടുപാടുകൾ തീർത്തിട്ടുണ്ട്. തുടർച്ചയായ മഴ കാരണം ഒരു ഭാഗത്ത് കേടുപാടുകൾ തീർക്കാൻ കഴിഞ്ഞിട്ടില്ല. മഴ മാറിയാൽ ഉടൻതന്നെ ഈഭാഗം ശരിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | |

| | |
|---|---|
| (സി) നിർദ്ദേശിക്കപ്പെട്ട ഗുണനിലവാരത്തിലും അളവിലും ടാറിംഗും മെറ്റലിംഗും നടത്തുന്ന കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ടോ ,എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (സി)&(ഡി) നിർദ്ദേശിക്കപ്പെട്ട ഗുണനിലവാരത്തിലും അളവിലും മെറ്റലിങ്ങും ടാറിങ്ങും നടത്തിയിട്ടുണ്ട്. ഇക്കാര്യം ക്വാളിറ്റി കൺട്രോൾ വിഭാഗം സ്ഥലം സന്ദർശിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. കൊല്ലങ്കോട് ടൗണിൽ ഏകദേശം 3 കി.മീറ്റർ നീളത്തിൽ സ്ഥലത്തിന് വീതി ലഭ്യമില്ലാത്തതിനാൽ അവിടെ നിലവിലുള്ള അഞ്ചര മീറ്റർ വീതിയിലാണ് ടാറിങ്ങ് നടത്തിയിട്ടുള്ളത്. ബാക്കി എല്ലാഭാഗത്തും ഏഴ്മീറ്റർ വീതിയിൽ ടാറിങ്ങ് നടത്തിയിട്ടുണ്ട്. |
| (ഡി) റോഡിൽ പലയിടത്തും നിർദ്ദേശിക്കപ്പെട്ട വീതിയിൽ ടാറിംഗ് നടത്തിയിട്ടില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | |
| (ഇ) മേൽപ്പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച് സമഗ്രമായ ഒരു അന്വേഷണം വിജിലൻസിനെ കൊണ്ട് നടത്തിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഇ) മേൽപ്പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

K.

സെക്ഷൻ ഓഫീസർ